(ബി) തൊഴിൽ വകുപ്പിൽ ഒന്നാം ഗ്രേഡ് അഡീഷണൽ ലേബർ ഓഫീസർമാരുടെ അധികമായ തസ്തിക സൃഷ്ടിച്ച് നിർമ്മാണത്തൊഴിലാളിക്ഷേമ ബോർഡിന് കൈമാറുന്നതിനുള്ള ശിപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ ;

(സി) ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണത്തൊഴിലാളി ക്ഷേമസെസ് ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വീടുകളുടെയും മറ്റും നിർമ്മാണച്ചെലവ് തുകയുടെ പരിധി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച പ്രപ്പോസലിൽ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളും ഉൾക്കൊള്ളുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നല്കിയിരിക്കുന്നു.

(ഡി) ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ ഉള്ളതാണ്.

തൊഴിലാളി ക്ഷേമനിധി വിഹിതം

189 (6894) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കുന്ന എല്ലാ വീടുകളും കെട്ടിടങ്ങളും തൊഴിലാളി ക്ഷേമനിധിയിലേക്ക് നിശ്ചിത തുക അടയ്ക്കാൻ നിഷ്കർഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്കയർ ഫീറ്റിന് മുകളിലുള്ള വീടുകൾ/കെട്ടിടങ്ങൾക്കാണ് ഇത് ബാധകം എന്ന് വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തിയാക്കുന്ന വീടുകളുടെയും കെട്ടിടങ്ങളുടെയും വിവരം എങ്ങനെയാണ് ക്ഷേമനിധി ബോർഡ് മനസ്സിലാക്കുന്നത് ;

(സി) പണി പൂർത്തിയായ വീടുകൾക്കും കെട്ടിടങ്ങൾക്കും ക്ഷേമനിധി ബോർഡ് തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; കെട്ടിടത്തിന്റെ ആഡംബര പണികൾക്ക് പ്രത്യേകം തുക ഈടാക്കുന്നുണ്ടോ ;

(ഡി) ഇത്തരത്തിൽ പിരിച്ചെടുക്കുന്ന പണം എന്തൊക്കെ ആവശ്യത്തിനാണ് ക്ഷേമനിധി ബോർഡ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; തൊഴിലിനിടെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ഇതിന്റെ വിഹിതം ലഭിക്കാറുണ്ടോ ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക അപകടത്തിൽപ്പെട്ട തൊഴിലാളികൾക്ക് നൽകാറുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്ത് എത്ര രൂപ ക്ഷേമനിധിയിലേക്ക് ലഭിച്ചു ; കഴിഞ്ഞ വർഷം എത്ര തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകി ; തൊഴിലാളികൾക്ക് നൽകിയതിന്റെ ബാക്കി പണം എന്താവശ്യത്തിനാണ് ഉപയോഗിച്ചത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബിൽഡിംഗ് സെസ്സ് നിർണ്ണയിക്കുന്നതിന് കെട്ടിടത്തിന്റെ വിസ്തീർണ്ണം (സ്ക്വയർ ഫീറ്റ്) അല്ല ഘടകം. ഒരു കെട്ടിടത്തിന്റെ ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനം വരുന്ന തുക സെസ്സ് ഇനത്തിൽ ഒടുക്കുമെന്നാണ് നിയമം അനുശാസിക്കുന്നത്. ഒരാൾ സ്വന്തം താമസത്തിനു വേണ്ടി നിർമ്മിക്കുന്ന വീടിന് 10,00,000 (പത്ത് ലക്ഷം) രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്നവ സെസ്സ് ഒടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കച്ചവട, വാണിജ്യാവശ്യത്തിനായി പണിത കെട്ടിടങ്ങൾക്ക്മേൽ ഇളവ് ബാധകമല്ല.

(ബി) സംസ്ഥാന തൊഴിൽ വകുപ്പിൽ ജോലി ചെയ്യുന്ന അസസ്സിംഗ് ഓഫീസർമാർക്കാണ് (ഡെപ്യൂട്ടി ലേബർ ഓഫീസർ/അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - 1) ഇതിന്റെ ചുമതല. അസസ്സിംഗ് ഓഫീസർമാർ ഓരോ പ്രദേശത്തെയും കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) നിന്നോ, ബന്ധപ്പെട്ട ഓഫീസർമാരുടെ ഓഫീസിൽനിന്നോ ആണ് ശേഖരിക്കുന്നത്.

(സി) അസസ്സിംഗ് ഓഫീസർമാർ അവർക്ക് സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സെസ്സ് തുക നിർണ്ണയിക്കുന്നത്; കെട്ടിടത്തിന്റെ ആഡംബര പണികൾക്ക് പ്രത്യേകം തുക (അധിക തുക) അസസ്സ് ചെയ്യാറുണ്ട്.

(ഡി) സെസ്സിൽ നിന്നുള്ള വരുമാനം വാർഷിക സവിര നിക്ഷേപമാക്കി, അതിനേൽപ്പുള്ള പലിശ തുക അംഗങ്ങൾക്ക് ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനാണ് ഉപയോഗിക്കുന്നത്. എന്നാൽ ത്രൈമാസ പെൻഷൻ വിതരണത്തിന് പലിശ തികയാത്ത സാഹചര്യത്തിൽ കാലാവധി പൂർത്തിയാക്കിയ സവിര നിക്ഷേപം പിൻവലിച്ച് പ്രസ്തുത തുക വിനിയോഗിക്കുകയും, ബാക്കി വരുന്ന തുക വീണ്ടും സവിര നിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. തൊഴിൽമധ്യേ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 1,45,67,32,949 (നൂറ്റി നാല്പത്തിയഞ്ച് കോടി അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി നാല്പത്തി ഒൻപത് രൂപ മാത്രം) രൂപ ക്ഷേമനിധിയിലേക്ക് സെസ്സ് ഇനത്തിൽ ലഭിച്ചു. കഴിഞ്ഞ വർഷം 2,50,826 പേർക്ക് പെൻഷനുൾപ്പെടെ വിവിധ ക്ഷേമ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് വിതരണം ചെയ്തതിന്റെ ബാക്കി പണം ബോർഡിന്റെ പേരിൽ സവിര നിക്ഷേപമാക്കി മാറ്റുന്നു.

LIBRARY ARCHIVES Kerala Legislative Assembly